**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 603** **11-06-2024 - ൽ മറുപടിയ്ക്ക്**

**കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൻ.എൽ. ഏറ്റെടുത്ത് കെ.പി.പി.എൽ. ആക്കിയപ്പോൾ കെ.പി.പി.എൽ.-ന്റെ സ്ഥലത്ത് സ്ഥിതിചെയ്യുന്ന സ്വകാര്യ സ്കൂൾ മാനേജ്മെന്റിൽ നിന്നും വാടക ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് ഈടാക്കുന്നത്; വ്യക്തമാക്കാമോ; | (എ) | സ്കൂളിന്റെ പ്രവർത്തനം സംബന്ധിച്ച് 2003-ൽ സ്വകാര്യസ്കൂളും മുൻപ് ഉണ്ടായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡുമായി ഏർപ്പെട്ടതും 2033 വരെ പ്രാബല്യമുള്ളതുമായ 30 വർഷ ദീർഘകാല കരാറിന്റെ തൽസ്ഥിതി തുടരുകയാണ്. ടി കരാർ പ്രകാരം പ്രതിവർഷ ലൈസൻസ് ഫീസ് എട്ട് ലക്ഷം രൂപയാണ്. |
| (ബി) | നിലവിൽ കെ.പി.പി.എല്ലിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; എത്ര കരാർ ജീവനക്കാരുണ്ട്; പ്രസ്തുത സ്വകാര്യ സ്കൂളും കെ.പി.പി.എല്ലും തമ്മിലുള്ള കരാർ വ്യവസ്ഥ എന്താണ്; വ്യക്തമാക്കാമോ? | (ബി) | കെ.പി.പി.എല്ലിൽ നിലവിൽ സ്ഥിരം ജീവനക്കാർ ഇല്ല;<br><br>കേന്ദ്ര സർക്കാർ അടച്ചുപൂട്ടിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ, ബാധ്യതകൾ എല്ലാം തീർത്ത് കേരള സർക്കാർ ഏറ്റെടുത്തു പുനരുദ്ധരിച്ച് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചതിന്റെ ഭാഗമായി, സർക്കാർ ഉത്തരവുപ്രകാരം നിയമിച്ച എച്ച്.ആർ. കമ്മറ്റി നിഷ്കർഷിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ന്യൂസ്പ്രിന്റ് വ്യവസായത്തിൽ പ്രവർത്തന പരിചയമുള്ള 250 ജീവനക്കാരെ പുതിയ നിയമന നടപടികളിലൂടെ ഹ്രസ്വകാലത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി;<br><br>സ്വകാര്യ സ്കൂളിന്റെ പ്രവർത്തനം സംബന്ധിച്ച് 2003-ൽ സ്കൂളും എച്ച്.എൻ.എല്ലുമായി ഏർപ്പെട്ടതും 2033 വരെ പ്രാബല്യമുള്ളതുമായ 30 വർഷ ദീർഘകാല കരാറിന്റെ തൽസ്ഥിതി തുടരുകയാണ്. ടി കരാർ പ്രകാരം പ്രതിവർഷ ലൈസൻസ് ഫീസ് എട്ട് ലക്ഷം രൂപയാണ്. സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കെ.പി.പി.എല്ലിന്റെ പേരിലേക്ക് റവന്യൂ രേഖകളിൽ മാറ്റം വരുത്തിയതിനെത്തുടർന്ന് സ്കൂളിന്റെ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് പുതിയ കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ